**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 674 — 28.02.2018-ൽ മറുപടിയ്ക്ക്

## സാംസ്കാരിക ക്ഷേമനിധി

ചോദ്യം

**ശ്രീ. എം. രാജഗോപാലൻ:**

ഉത്തരം

**ശ്രീ.എ.കെ.ബാലൻ**
**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

എ) കേരളസർക്കാർ സാംസ്കാരിക ക്ഷേമനിധിയിൽപ്പെടുത്തി ഏതൊക്കെ വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ ചട്ടം 2(ഡി) പ്രകാരം സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല, നാടൻകലകൾ, അനുഷ്ഠാന കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻ പാട്ടുകൾ, മേക്കപ്പ് , വാദ്യകലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, പുരാണ പാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിളകലകൾ, പന്തൽ, അലങ്കാരം, ശബ്ദവും വെളിച്ചവും, വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിങ്, ഫോട്ടോഗ്രഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം, അതുപോലെയുള്ള മറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുള്ള വിഭാഗങ്ങളാണ്.

ബി) സാംസ്കാരിക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം എത്ര രൂപയാണ് പെൻഷനായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബി) സാംസ്കാരിക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 3000/- രൂപയാണ് പെൻഷനായി അനുവദിക്കുന്നത്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**